**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.16 പ്രകാരം ചെലവഴിച്ച 27,000/- രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്**

സ.ഉ(സാ.ധാ) നം.3423/2016/തസ്വഭവ തിരുവനന്തപുരം,തിയതി 16/12/2016

പരാമർശം : 1. തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 02/12/15 തീയതിയിലെ എ 3331/2015 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 25/05/2016 തീയതിയിലെ എം3- 13701/2016 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26/10/2016 തീയതിയിലെ കെ.എസ്സ്.എ-6240/പിറ്റി 3/16 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ 2011-12 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'ഖരമാലിന്യ പ്രൊജക്ട്' (കക്കൂസ് നിർമ്മാണം), 'കക്കൂസ് നിർമ്മാണം (എസ്.സി)' എന്നീ പ്രോജക്ടുകൾക്ക് ഗുണഭോക്താക്കൾക്ക് അധികമായി അനുവദിച്ച 27,000/-രൂപ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷത്തെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.16 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. കക്കൂസ് നിർമ്മാണത്തിന് പൊതു/പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി 2500/- രൂപയാണെന്നിരിക്കെ 54 ഗുണഭോക്താക്കൾക്ക് 3000/- രൂപ വീതം നൽകിയതിലൂടെ അധികമായി നൽകിയ 27,000/- (54X500) രൂപയാണ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്.

2) നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ജോലിയിൽ പ്രവേശിച്ചയാളായതിനാൽ ടിയാന്റെ പരിചയമില്ലായ്മ മൂലമാണ് പ്രസ്തുത പിശക് സംഭവിച്ചതെന്നും തൊട്ടടുത്ത വർഷം സബ്സിഡി തുക 8000/-രൂപയായി വർദ്ധിപ്പിച്ചിട്ടും സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെട്ട ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് 3000/- രൂപയേ നൽകിയിട്ടുള്ളു എന്നും പഞ്ചായത്തിന് ഇതുമൂലം സാമ്പത്തിക നഷ്ടം വന്നിട്ടില്ലെന്നും ധനദുർവിനിയോഗം നടന്നിട്ടില്ലെന്നുമുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ 27,000/- രൂപയുടെ ചെലവിന് സാധൂകരണം നൽകണമെന്ന് സൂചന ഒന്ന് കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം

വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പരാമർശിത ഖണ്ഡികകൾക്കുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ, 3000/- രൂപ തോതിൽ തുക വകയിരുത്തി ഭരണസമിതിയുടേയും ജില്ലാ ആസൂത്രണ സമിതിയുടേയും അംഗീകാരം വാങ്ങുകയും ചെയ്ത പ്രോജക്ടുകളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കിയിട്ടുള്ളതിന്റെയും പഞ്ചായത്ത് കമ്മിറ്റിയുടെ വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ചെലവിന് സർക്കാർ സാധൂകരണം നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ മറുപടി എന്നിവ കണക്കിലെടുത്തും പഞ്ചായത്തിന് ഇതുമൂലം സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.16 പ്രകാരം ചെലവഴിച്ച 27,000/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു എ ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ